"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - പോലീസ് വകുപ്പ് -ബഹു. മുഖ്യമന്ത്രിയുടെ സുരക്ഷാ ഡ്യൂട്ടിക്ക് ഉപയോഗിക്കുന്ന വാഹനമായ KL 01 CV 6683 KIA Carnival അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര(ഇ)വകുപ്പ്**

സ.ഉ.(സാധാ) നം.3728/2024/HOME തീയതി,തിരുവനന്തപുരം, 11-12-2024

---

പരാമർശം:- 1) സർക്കാർ ഉത്തരവ് സ.ഉ.(സാധാ)നം.3294/2024/ ആഭ്യന്തരം തീയതി 08.11.2024.

2) സംസ്ഥാന പോലീസ് മേധാവിയുടെ 07.12.2024 തീയതിയിലെ ആർ4-207027/2024/പി.എച്ച്.ക്യു നമ്പർ കത്ത്.

**ഉത്തരവ്**

ബഹു. മുഖ്യമന്ത്രിയുടെ സുരക്ഷാ ഡ്യൂട്ടിക്ക് ഉപയോഗിക്കുന്ന വാഹനമായ KL 01 CV 6683 KIA Carnival റിപ്പയർ ചെയ്യുന്നതിന് അപകടത്തെത്തുടർന്ന് അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിനായി ആകെ 1,15,262/- രൂപയുടെ ഭരണാനുമതി നൽകിയും, ഇൻഷ്വറൻസ് ക്ലെയിം തുകയായ 69,909/- രൂപ കിഴിച്ചുള്ള 45,353/-രൂപ 2055-00-101-98-00-21-02-NV എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനും പരാമർശിത സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ വാഹനത്തിന് ഇൻഷ്വറൻസ് ക്ലെയിമായി 69,909/-രൂപയിൽ നിന്നും 4,115/-രൂപ കുറച്ച് 65,794/- രൂപയാണ് ലഭിച്ചിട്ടുള്ളതെന്നും ആയതിനാൽ 4,115/-രൂപ കൂടി 2055-00-101-98-21-2 എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്ന് സംസ്ഥാന പോലീസ് മേധാവിയുടെ പരാമർശിത കത്തുപ്രകാരം, ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ അപേക്ഷയിലെ വിശദാംശങ്ങളുടെയും ബന്ധപ്പെട്ട രേഖകളുടെയും അടിസ്ഥാനത്തിൽ, ബഹു. മുഖ്യമന്ത്രിയുടെ സുരക്ഷാ ഡ്യൂട്ടിക്ക് ഉപയോഗിക്കുന്ന വാഹനമായ KL 01 CV 6683 KIA Carnival KL 01 CE 6700 Traveller അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിനായി ഇൻഷ്വറൻസ് ക്ലെയിമായി ലഭിച്ചതിൽ കുറവുള്ള 4,115/-രൂപ കൂടി (അറുപത്തിമൂവായിരം രൂപ മാത്രം) നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിലെ 2055-00-101-98-00-21-2-NV എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി ചെലവഴിക്കുന്നതിന്, നിലവിലെ ചട്ടങ്ങൾക്കും, നടപടി ക്രമങ്ങൾക്കും വിധേയമായി അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അജികുമാർ ജി

അണ്ടർ സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.

(അപേക്ഷയോടൊപ്പം ലഭ്യമാക്കിയ എല്ലാ രേഖകളും സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, ഐ & പിആർഡി (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Jalaja Kumari M S

സെക്ഷൻ ഓഫീസർ

Date: 11-12-2024 12:15:38